SREENARAYANAGURU OPEN UNIVERSITY
*The State University for Education, Training and Research in Blended Format, Kerala*
University Building, Kureepuzha, Kollam, Kerala-691601 | www.sgou.ac.in

# പരീക്ഷാ വിഭാഗം
# സർക്കുലർ

**നം. 129/EX.1/26/SOU/2025** **തീയതി : 11/07/2025**

വിഷയം : ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി – പരീക്ഷാ വിഭാഗം നിരന്തരമൂല്യനിർണ്ണയം -ഇൻടേക്ക് 3 (2023 ജൂലൈ അഡ്മിഷൻ) പി. ജി പ്രോഗ്രാമുകളുടെ– മൂന്നാം സെമസ്റ്റർ – അസൈൻമെന്റ് സമർപ്പണ തീയതികൾ ദീർഘിപ്പിച്ചത് സംബന്ധിച്ച്.

സൂചന: (1) ഇൻടേക്ക് 3 (2023 ജൂലൈ അഡ്മിഷൻ) – പി. ജി. പ്രോഗ്രാം- M.A.(English/Malayalam/Hindi/Arabic/Sanskrit/History/Sociology/ Economics/Philosophy),M.Com -മൂന്നാം സെമസ്റ്റർ.

(2) സർക്കുലർ നം: 117/EX.1/26/SOU/2025, തീയതി: 19/06/2025

സൂചന (1) പ്രകാരമുള്ള വിവിധ പ്രോഗ്രാമുകളുടെ അസൈൻമെന്റുകൾ 11/07/2025 വരെ ഫൈനില്ലാതെ ഓൺലൈനായി സമർപ്പിക്കുന്നത് സംബന്ധിച്ച് സൂചന (2) പ്രകാരമുള്ള സർക്കുലർ സർവകലാശാലയിൽ നിന്നും പുറപ്പെടുവിച്ചിരുന്നു. എന്നാൽ അസൈൻമെന്റുകൾ സമർപ്പിക്കുന്നതിൽ സാങ്കേതിക ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നതായും ടി തീയതി നീട്ടി വെയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പഠിതാക്കളിൽ നിന്ന് നിരവധി നിവേദനങ്ങൾ

സർവ്വകലാശാലയ്ക്ക് ലഭിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സൂചന (1) പ്രകാരമുള്ള വിവിധ പ്രോഗ്രാമുകളുടെ അസൈൻമെന്റുകൾ ഫൈനില്ലാതെ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 20/07/2025 വരെ ദീർഘിപ്പിച്ചിരിക്കുന്നു. 20/07/2025 തീയതിക്ക് ശേഷം അസൈൻമെൻറ് ഒന്നിന് 50 രൂപ ലേറ്റ്ഫീയോടുകൂടി ബന്ധപ്പെട്ട പ്രോഗ്രാം കാലാവധി വരെയും പ്രോഗ്രാം കാലാവധിയ്ക്ക് ശേഷം 100 രൂപ സൂപ്പർ ഫൈനോടു കൂടിയും ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.

20/07/2025 വരെ ഫൈനില്ലാതെ സമർപ്പിക്കുന്ന അസൈൻമെന്റുകൾ മാത്രമേ ടി സെമെസ്റ്ററുകളുടെ റഗുലർ പരീക്ഷകളുടെ ഫലത്തിനായി പരിഗണിക്കുകയുള്ളൂ. 20/07/2025 തീയതിക്ക് ശേഷം ഫൈനോടു കൂടി സമർപ്പിക്കുന്ന അസൈൻമെന്റുകളുടെ ഫലം സപ്ലിമെന്ററി പരീക്ഷാ ഫലത്തിനോടൊപ്പമേ പ്രസിദ്ധീകരിക്കുകയുള്ളൂ.

**പ്രൊഫ. (ഡോ.) ഗ്രേഷ്യസ് ജെ.**
**പ്രൊ വൈസ് ചാൻസലർ (i/c)**
**& പരീക്ഷാ കൺട്രോളർ**